10625
26/5/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-വൃത്തിഹീന തൊഴിലിൽ (മാൻഹോൾ, സെപ്റ്റിക് ടാങ്ക്) ഏർപ്പെടവേ മരണമടഞ്ഞ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 പേരുടെ ആശ്രിത കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാ.ധാ) നം. 1833/18/റവ

തിരുവനന്തപുരം
തീയതി-24.05.2018.

പരാമർശം- 1. 27.03.2014-ൽ ബഹു.സുപ്രീംകോടതി W.P.(C) No.583/2003 നമ്പർ ഹർജിയിൻമേൽ പുറപ്പെടുവിച്ച വിധിന്യായം.

2.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 17/05/2018-ലെ സ.ഉ.(കൈ) നം. 35/2018/പജപവവിവ.

**<u>ഉത്തരവ്</u>**

ബഹുമാനപ്പെട്ട സുപ്രീംകോടതി , Safai Karamcharis Andolan Vs.Union of India (W.P.(C) No.583/2003) എന്ന കേസിൽ 2014 മാർച്ച് 27-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ വൃത്തിഹീന തൊഴിലിൽ (മാൻഹോൾ, സെപ്റ്റിക് ടാങ്ക്) ഏർപ്പെടവേ മരണമടഞ്ഞ ഓരോരുത്തരുടെയും കുടുംബങ്ങളെ കണ്ടെത്തി 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം അനുവദിച്ച നൽകുവാൻ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകുകയും ആയതിനെ തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയ ചുവടെ ചേർക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 5 പേരുടെ ആശ്രിത കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ആകെ 50 ലക്ഷം (അൻപത് ലക്ഷം) രൂപ മാത്രം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം രണ്ട് പ്രകാരം ഉത്തരവാകുകയും ചെയ്തു

| ക്ര.നം | പേര്/മേൽവിലാസം |
|---|---|
| 1 | സുബ്രമഹ്ണ്യൻ, പൂക്കാട്ടുപറമ്പിൽ, നന്ത്യാട്ടുകുന്നം, എറണാകുളം |
| 2 | കെ.കെ.വേണു, കുളപറമ്പ്, കെടാമംഗലം, എറണാകുളം |
| 3 | പി.വി.രാധ, നടക്കുംപുറത്ത് വീട്, ചേന്ദമംഗലം, എറണാകുളം |
| 4 | അശോകൻ, പല്ലങ്ങാട്ടുമുഗൾ, കുങ്ങരപ്പടി, എറണാകുളം |
| 5 | ഷൺമുഖൻ, തെക്കേതൊറാവ്യ ദേശം, വടക്കെപറമ്പ്, കൊടകര ബ്ളോക്ക്, തൃശ്ശൂർ. |

മേൽ സാഹചര്യത്തിൽ വൃത്തിഹീന തൊഴിലിൽ (മാൻഹോൾ, സെപ്റ്റിക് ടാങ്ക്) ഏർപ്പെടവേ മരണപ്പെട്ട മേൽ പരാമർശിച്ചിട്ടുള്ള അഞ്ച് പേരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ആകെ 50 ലക്ഷം (അൻപത് ലക്ഷം രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി 50 ലക്ഷം (അൻപത് ലക്ഷം രൂപ മാത്രം) രൂപ 2075-00-800-40 contribution of Cheif Ministier's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും എറണാകുളം (4X1000000=4000000 രൂപ) തൃശ്ശൂർ (1X1000000=1000000 രൂപ,) എന്ന ക്രമത്തിൽ ജില്ലാ കളക്ടർമാർക്ക്അനുവദിക്കേണ്ടതും ടി ജില്ലാ കളക്ടർമാർ തുക അടിയന്തരമായി നിയമാനുസൃത ആശ്രിതർക്ക് വിതരണം ചെയ്യേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വി.എച്ച്.കുര്യൻ,

അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
ജില്ലാ കളക്ടർ, എറണാകുളം, തൃശ്ശൂർ
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഡയറക്ടർ, പട്ടികജാതിപട്ടികവർഗ്ഗ വികസന വകുപ്പ്
പട്ടികജാതിപട്ടികവർഗ്ഗ വികസന (ബി)വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sm...[signature] A.S.

സെക്ഷൻ ഓഫീസർ